**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2346**

**07/2/2019 - ലെ മറുപടിയ്ക്ക്**

## ട്രഷറികളിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. മഞ്ഞളാംകുഴി അലി** | **ഡോ. ടി.എം. തോമസ് ഐസക്ക്**<br>**ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| (എ) | ട്രഷറികളിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം സമ്പൂർണ്ണമായും പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | എല്ലാ ട്രഷറികളിലും ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം പ്രാവർത്തികമാക്കിയിട്ടുണ്ട്. |
| (ബി) | ട്രഷറി നവീകരണം പൂർണ്ണമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ട്രഷറി നവീകരണത്തിനായി നീക്കി വച്ച തുകയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലായാണ് നടന്നു വരുന്നത്. അടിസ്ഥാന സൗകര്യ വികസന പദ്ധതിയും ധനകാര്യ ഇടപാടുകളുടെ ആധുനികവത്കരണവും അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ജീർണ്ണാവസ്ഥായിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ഇതിൻ പ്രകാരം ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 20 ട്രഷറികളുടെ നിർമ്മാണത്തിനായുള്ള ഭരണാനുമതി നല്കിയതിൽ സാങ്കേതികാനുമതി ലഭിച്ച 8 ട്രഷറികളുടെ നിർമ്മാണ നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള നിർമ്മാണ പ്രവർത്തികളിൽ ട്രഷറി ഡയറക്ടറേറ്റ് കെട്ടിടം ഉൾപ്പെടെയുള്ള 8 പ്രവർത്തികൾക്ക് സാങ്കേതിക കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ എല്ലാ ട്രഷറികൾക്കും ഇടപാടു സൗഹൃദ സമീപനത്തോടെ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും |

| | | |
|---|---|---|
| | | ലഭ്യമാകുക എന്ന ലക്ഷ്യത്തോടെ എല്ലാ ട്രഷറികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുക എന്ന പദ്ധതിയാണ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്.<br><br>നടപ്പുസാമ്പത്തിക വർഷം ട്രഷറി നവീകരണത്തിനായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും താഴെ പട്ടികയിൽ ചേർക്കുന്നു. |

**(തുക ലക്ഷത്തിൽ)**

| നം | ഇനം | അനുവദിച്ച തുക | കുറവ് ചെയ്യപ്പെട്ട പദ്ധതി തുക | നെറ്റ് തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | കമ്പ്യൂട്ടർ വൽക്കരണം | 540 | 0 | 540 | 533.11 |
| 2 | അടിസ്ഥാന സൗകര്യ വികസനം | 1700 | 430 | 1270 | 479.96 |
| 3 | പരിശീലന പരിപാടി | 60 | 30 | 30 | 18.29 |
| **ആകെ** | | **2300** | **460** | **1840** | **1031.36** |

ബജറ്റ് വിഹിതമായി അനുവദിച്ച 2300 ലക്ഷത്തിൽ 460 ലക്ഷം രൂപ സ.ഉ(അച്ചടി) 5/2019/ധന തീയതി 21/01/2019 പ്രകാരം പദ്ധതി വിഹിതത്തിൽ കുറവ് ചെയ്തിട്ടുണ്ട്.

**അക്കൗണ്ട്സ് ഓഫീസർ**